SUNDAY 21.04.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/04/2024

1. വൈദ്യുത പമ്പുകളെ സൗരോർജ പമ്പുകളാക്കി മാറ്റുന്നതിനും വൈദ്യുതി എത്താത്ത ഇടങ്ങളിൽ ഡീസൽ പമ്പുകൾ സൗരോർജത്തിലേക്കു മാറ്റുന്നതിനും അനർട്ട് മുഖേന സഹായം നൽകുന്നു. പിഎം കുസും പദ്ധതിയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്.ഡീസൽ പമ്പുകൾ സൗരോർജ പമ്പുകളാക്കൽ വൈദ്യുതീകരിക്കാത്ത കൃഷിയിടങ്ങളിലെ 1 HP മുതൽ 7.5 HP വരെയുള്ള ഡീസൽ പമ്പുകൾ സൗരോർജ പമ്പുകളാക്കി മാറ്റി സ്ഥാപിക്കാൻ സഹായം. ഇതിന് 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും ലഭിക്കും. നിലവിലുള്ള വൈദ്യുതി പമ്പുകളുടെ സൗരോർജവൽക്കരണം: വൈദ്യുതീകരിക്കാത്ത കൃഷിയിടങ്ങളിലെ 1 HP മുതൽ 7.5 HP വരെയുള്ള പമ്പുകൾ സൗരോർജവൽക്കരിക്കും. 10 സെന്റിനു മുകളിൽ, 5 ഏക്കറിൽ താഴെ ഭൂമിയുള്ള, സൗജന്യ വൈദ്യുതി ലഭിക്കുന്ന കർഷകരെയാണു പരിഗണിക്കുന്നത്. പദ്ധതിയിൽ ചേരുന്നതിനു കർഷകൻ പണം മുടക്കേണ്ടതില്ല. കൃഷിയിടത്തിൽ സൗരോർജ പാനൽ സ്ഥാപിക്കുന്നതിനുള്ള അനുമതി പത്രം നൽകിയാൽ മതി. അനർട്ടിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റു പ്രവൃത്തികൾ പൂർത്തിയാക്കും. കർഷകന്റെ ഉപയോഗം കഴിഞ്ഞുള്ള വൈദ്യുതി കെഎസ്ഇബിക്കു നൽകുന്നതിലൂടെ ലഭിക്കുന്ന വരുമാനം വായ്പയുടെ തിരിച്ചടവിന് ഉപയോഗിക്കാം. എറണാകുളം, പാലക്കാട്, തൃശൂർ, മലപ്പുറം, കാസർകോട് ജില്ലകളിലാണ് നിലവിൽ പദ്ധതി നടപ്പാക്കുന്നത്. കൂടുതൽ വിവരങ്ങൾക്കു എറണാകുളം 0484-2428611, 9188119407, തൃശ്ശൂർ 0487-2320941, 9188119408, മലപ്പുറം 9188119410, പാലക്കാട് 0491- 2504182, 9188119409, കാസർഗോഡ് 04994-230944, 9188119414.

2. PUSA കൃഷി RKVY-RAFTAAR ഇൻകുബേസൻ പ്രോഗ്രാമിൽ നൂതന സംരംഭങ്ങൾ ക്ഷണിക്കുന്നു; മിനിമം വയബിൾ പ്രോഡക്റ്റ്, മാർക്കറ്റ് റെഡി ഇന്നവേഷൻസിലും UPJA 2024 ൽ 25 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നു. ARISE 2024 പദ്ധതിപ്രകാരം സ്റ്റാർട്ടപ്പുകൾക്ക് 5 ലക്ഷം രൂപ വരെയും വിദ്യാർത്ഥികൾക്ക് 4 ലക്ഷം രൂപ വരെയും ധനസഹായം ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് pusakrishi.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, കേരള കാർഷിക സർവകലാശാല ആരംഭിച്ച മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആണ് Organic Interventions for Crop Sustainability പൂർണമായും ഓൺലൈൻ ആയുള്ള ഈ കോഴ്സ് പ്ലസ് ടു വിജയിച്ച ആർക്കും ചെയ്യാവുന്നതാണ്. താല്പര്യമുള്ളവർക്ക് രണ്ടാമത്തെ ബാച്ചിലേക്ക് 100 രൂപ അടച്ചു രജിസ്റ്റർ ചെയ്യാവുന്നതാണ്. റെജിസ്ട്രേഷൻ ലിങ്ക് : https://forms.gle/MFzYDVspFug1pSci7` കൂടുതൽ വിവരങ്ങൾക്ക് സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മണ്ണുത്തിയുടെ 0487-2371104 എന്ന ഫോൺ നമ്പരിലോ www.kau.in,www.cti.kau.in എന്ന വെബ്സൈറ്റിലോ, cti@kau.in എന്ന ഈ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പൂക്കോട് വെറ്ററിനറി കോളേജ് മൃഗപ്രത്യുല്പാദന-പ്രസവചികിത്സാവിഭാഗം 2024 മാർച്ച് മുതൽ ജൂലൈ വരെ മൂന്ന് ബാച്ചുകളിലായി **ആടുകളിലെ കൃത്രിമബീജാധാനം** (Artificial Insemination in Goats) എന്ന വിഷയത്തിൽ രണ്ടുദിവസത്തെ ശാസ്ത്രീയ-പ്രായോഗിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം നടത്തുന്നു. യൂണിവേഴ്സിറ്റിയുടെ വയനാടുള്ള പൂക്കോട് സെന്ററിൽ വെച്ചായിരിക്കും പരിശീലനം. ഓരോ ബാച്ചിലും 10 പേർക്കാണ് പ്രവേശനം. പശുക്കളിലെ കൃത്രിമബീജാധാനത്തിൽ പരിശീലനം ലഭിച്ചവർക്കാണ് ഈ പ്രായോഗിക പരിശീലനം നൽകുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 7909292304 എന്ന ഫോൺ നമ്പറിലോ അല്ലെങ്കിൽ lekshmibhai@kvasu.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന് വളമിടുന്നതിൽ 2024 ഏപ്രിൽ 29 -ന് കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം